**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/10/2018

Reg. No. KL/IDK/08/16-18
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.





പ്രതിസന്ധികളിൽ
തളരാതെ
താങ്ങായി
നിന്നവർക്ക്
നന്ദി



Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

വാല്യം 15
ഒക്ടോബർ 2018
ലക്കം 10



OCTOBER 7 ജപമാല രാജ്ഞിയുടെ തിരുനാൾ





# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

**Volume : 15**
**Issue No. : 10**
**Month : October 2018**





*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. George Thakadiyel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Blueline Cheruthony

*Website & e-mail*
www.idukkidiocese.org
curiaidukki@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ആഗോളമിഷൻദിനസന്ദേശം | 05 |
| സർക്കുലർ | 10 |
| രൂപതക്കച്ചേരി | 17 |
| ക്രിസ്തുജ്യോതി | 19 |
| വിദ്യാഭ്യാസം | 20 |
| സാമൂഹ്യസേവനം | 21 |
| കെ.സി.എസ്.എൽ. | 23 |
| പ്രാർത്ഥനാഗ്രൂപ്പ് | 26 |
| കേരള ലേബർ മൂവ്മെന്റ് | 27 |
| ആത്മജ്യോതിയിലെ പരിപാടികൾ | 29 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 30 |


*"Let us allow the Holy Spirit to clothe us with the weapons of dialogue, understanding, the search for mutual respect and fellowship!"*
*Pope Francis, Tweet, 24-09-2018*

## ഓർമ്മിക്കാൻ

**ഒക്ടോബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ**

| | | |
|---|---|---|
| 01 | : | വി. കൊച്ചുത്രേസ്യ |
| | : | ഭാരത്മാതാ കോളേജ് ക്യാമ്പ്, ആത്മജ്യോതി, അടിമാലി |
| 02 | : | കാവൽമാലാഖ |
| 04 | : | വി. ഫ്രാൻസിസ് അസ്സീസി |
| 07 | : | മൂശ ഒന്നാം ഞായർ |
| | : | സൺഡേ സ്കൂൾ ഒന്നാം ടേം പരീക്ഷ, ക്രിസ്തുജ്യോതി |
| 07-12 | : | എഫാത്ത ധ്യാനം, ആത്മജ്യോതി, അടിമാലി |
| 13 | : | കെ.എൽ.എം. നേതൃത്വ പരിശീലന ക്യാമ്പ്, ആത്മജ്യോതി, അടിമാലി |
| | : | മഡോണ സിംഗിൾസ് അപ്പോസ്റ്റലേറ്റ് മീറ്റ്, ആത്മജ്യോതി, അടിമാലി |
| 15 | : | ആവിലായിലെ വി. ത്രേസ്യ |
| 15-17 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 16 | : | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 17 | : | അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |
| 18 | : | വി. ലൂക്കാ സുവിശേഷകൻ |
| 18-20 | : | വിശ്വാസ പരിശീലന ക്യാമ്പ്, ആത്മജ്യോതി, അടിമാലി |
| 20 | : | നേതൃജ്യോതി HM Conferance, ആത്മജ്യോതി, അടിമാലി |
| 27 | : | വി. ശിമയോൻ, വി. യൂദാ തദ്ദേവൂസ് ശ്ലീഹന്മാർ (28 ഞായർ) |
| | : | കെ.എൽ.എം., വൈദിക സന്യസ്ത സെമിനാർ, ബിഷപ്സ് ഹൗസ്, കരിമ്പൻ |
| 28 | : | മിഷൻ ഞായർ |
| 26-28 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |

C. 19. സർക്കുലർ

# ആഗോളമിഷൻദിനസന്ദേശം-2018

## ഫ്രാൻസിസ് മാർപാപ്പ

## *നമുക്ക് യുവജനങ്ങളോടൊപ്പം എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാം*

പ്രിയ യുവജനങ്ങളേ, ക്രിസ്തുവിൽ നിന്ന് നാം സ്വീകരിച്ച സുവിശേഷദൗത്യത്തെക്കുറിച്ച് നിങ്ങളോടുകൂടെ ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയിൽ ദൈവമക്കളെന്ന നിലയിൽ സാഹസിക ജീവിതം നയിക്കുന്ന എല്ലാ ക്രൈസ്തവരെയും നിങ്ങളോടു സംസാരിക്കുമ്പോൾ ഞാൻ അഭിസംബോധന ചെയ്യുന്നുണ്ട്. നിങ്ങളുമായുള്ള ഈ സംസാരത്തിലൂടെ എല്ലാവരോടും സംസാരിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് ഒരു തീർച്ചയാണ്. ക്രൈസ്തവവിശ്വാസം യേശു നമ്മെ ഏല്പിച്ച ദൗത്യത്തോടു തുറവുള്ളതാകുമ്പോൾ നിത്യയൗവനത്തിൽ നിലനില്ക്കുമെന്ന തീർച്ചയാണത്. വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ വാക്കുകളിൽ പറഞ്ഞാൽ "മിഷൻ വിശ്വാസത്തെ പുനരുജീവിപ്പിക്കുന്നു" (രക്ഷകന്റെ മിഷൻ 2). യുവജനത്തോട് വലിയ സ്നേഹവും താത്പര്യവും കാണിച്ചിരുന്ന മാർപാപ്പയാണല്ലോ അദ്ദേഹം.

വരുന്ന മിഷൻമാസമായ ഒക്ടോബറിൽ ഒരു സൂനഹദോസ് റോമിൽ വച്ചു നടത്തും. കർത്താവായ യേശു, യുവജനങ്ങളേ, നിങ്ങളോടും നിങ്ങളിലൂടെ എല്ലാ ക്രൈസ്തവ സമൂഹങ്ങളോടും, വിശ്വാസത്തെ കൂടുതൽ പൂർണമായി ഗ്രഹിക്കാൻ കർത്താവായ യേശുവിന് പറയാനുള്ളത് എന്താണെന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനുള്ള ഒരു അവസരമാകും അത്.

**ജീവിതം ഒരു മിഷനാണ്**

ഓരോ സ്ത്രീയും പുരുഷനും മിഷനറിയാണ്. ഈ ലോകത്തിലുള്ള നമ്മുടെ ജീവിതത്തിന്റെ കാരണം അതാണ്. *ആകർഷിക്കപ്പെടുക അയയ്ക്കപ്പെടുക* എന്നീ രണ്ടു കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ആന്തരിക ശക്തികളായി നമുക്ക് അനുഭവപ്പെടും - പ്രത്യേകിച്ച് ചെറുപ്പത്തിൽ. അവ നമ്മുടെ ഭാവിയുടെ വാഗ്ദാനവും ജീവിതത്തിന് മാർഗദർശനവും നല്കുന്നു. ജീവന്റെ ശക്തി നമ്മിൽ പ്രവേശിക്കുകയും ആകർഷിക്കുകയും ചെയ്യുന്നതായി മറ്റുള്ള ആരെയുംകാൾ കൂടുതലായി യുവജനങ്ങൾക്കു തോന്നും. ലോകത്തോട് നമുക്കുള്ള ഉത്തരവാദിത്വം സന്തോഷപൂർവം ജീവിക്കുകയെന്നത് വലിയൊരു വെല്ലുവിളിയാണ്. യൗവനത്തിന്റെ പ്രകാശത്തെയും നിഴലുകളെയുംകുറിച്ച് എനിക്ക് നന്നായിട്ട് അറിയാം. ഞാൻ എന്റെ യൗവനകാലത്തെയും എന്റെ കുടുംബത്തെയും പറ്റി ചിന്തിക്കുമ്പോൾ കൂടുതൽ നല്ല ഭാവിക്കുവേണ്ടിയുള്ള എന്റെ പ്രത്യാശയുടെ ശക്തി ഞാൻ ഓർമിക്കുന്നു. നമ്മുടെ തന്നെ തിരഞ്ഞെടുപ്പുകൊണ്ടല്ല നമ്മൾ ഈ ലോകത്തിലായിരിക്കുന്നത്. നമുക്ക് മുമ്പേയുള്ള ഒരു പ്രാരംഭശക്തിയുണ്ടെന്നും അത് നമുക്ക് അസ്തിത്വം നല്കുന്നുവെന്നുമുള്ള ബോധം ആ വസ്തുത നമുക്കു നല്കുന്നു. നമ്മിൽ ഓരോരുത്തരും ഈ വസ്തുതയെക്കുറിച്ചു ചിന്തിക്കണം: "ഞാൻ ഈ ലോകത്തിൽ ഒരു മിഷനറിയാണ്. ഞാൻ ഈ ലോകത്തിലായിരിക്കുന്നതിന്റെ കാരണം അതാണ്" (സുവിശേഷത്തിന്റെ സന്ദേശം 273).

**നാം യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നു**

സഭ താൻ സൗജന്യമായി സ്വീകരിച്ചത് പ്രഘോഷിക്കുന്നു (cf മത്താ 10:8; അപ്പ 3:6). അങ്ങനെ ചെയ്തുകൊണ്ട്, നമ്മുടെ ജീവിതത്തിന് ഈ ലോകത്തിൽ അർത്ഥം നല്കുന്ന വഴിയും സത്യവും യുവജനമായ നിങ്ങളുമായി പങ്കുവയ്ക്കാൻ കഴിയും. സത്യത്തിന്റേതും നിറവേറലിന്റേതുമായ ഈ സന്ദേശം കണ്ടെത്താനും പ്രഘോഷിക്കാനും നമുക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത യേശുക്രിസ്തു നമ്മുടെ സ്വാതന്ത്ര്യത്തോട് ആവശ്യപ്പെടുകയും നമ്മെ വെല്ലുവിളിക്കുകയും ചെയ്യുന്നു. പ്രിയ യുവജനമേ, ക്രിസ്തുവിനെയും സഭയെയും ഭയപ്പെടേണ്ട. എന്തെന്നാൽ ജീവിതത്തെ

സന്തോഷം കൊണ്ടുനിറയ്ക്കുന്ന നിധി അവിടെ നമ്മൾ കണ്ടെത്തുന്നു. എന്റെ അനുഭവത്തിൽ നിന്നു തന്നെ ഇക്കാര്യം നിങ്ങളോടു പറയാൻ എനിക്ക് സാധിക്കും. വിശ്വാസത്തിന്റെ സഹായത്താൽ എന്റെ സ്വപ്നങ്ങളുടെ തീർച്ചയുള്ള അടിസ്ഥാനവും അവയെ യാഥാർത്ഥ്യമാക്കാൻ വേണ്ട ശക്തിയും ഞാൻ കണ്ടെത്തി.

നമ്മുടെ അനേകം സഹോദരങ്ങളുടെ മുഖങ്ങൾ വലിയ സഹനവും ദാരിദ്ര്യവും കൊണ്ട് വികലമാക്കപ്പെട്ടതായി ഞാൻ കണ്ടിട്ടുണ്ട്. എന്നാലും യേശുവിന്റെയടുത്തു നില്ക്കുന്നവർക്കു തിന്മ തന്നെ വലിയ സ്നേഹത്തിനുള്ള പ്രചോദനമാണ്. സുവിശേഷത്തോടുള്ള സ്നേഹം കൊണ്ട് അനേകം സ്ത്രീപുരുഷന്മാരും അനേകം യുവജനങ്ങളും ഉദാരതയോടെ തങ്ങളെത്തന്നെ ബലികഴിച്ചിട്ടുണ്ട് - ചിലപ്പോൾ രക്തസാക്ഷികളാകുകപോലും ചെയ്തിട്ടുണ്ട്. യേശുവിന്റെ കുരിശിൽ നിന്ന് ആത്മബലിയുടെ യുക്തി നാം പഠിക്കുന്നു (cf 1 കോറി. 1:17-25). ലോകത്തിന്റെ ജീവനുവേണ്ടിയുള്ള സുവിശേഷപ്രഘോഷണമാണത് (cf യോഹ. 3:16). ക്രിസ്തുവിനോടുള്ള സ്നേഹാഗ്നിയാൽ കത്തിക്കപ്പെടുക ആ അഗ്നിയാൽ വിഴുങ്ങപ്പെടുക അതിന്റെ പ്രകാശത്താൽ മനസ്സിലാക്കൽ പ്രക്രിയയിൽ വളരുക അതിന്റെ സ്നേഹത്താൽ ചൂടുള്ളവരായിരിക്കുക (cf 2 കോറി. 5:14). ദൈവത്തിന്റെ വിസ്തൃത ചക്രവാളത്തിലേക്ക് നമ്മെ തുറക്കുന്ന വിശുദ്ധരുടെ പാഠശാലയിൽ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. "ക്രിസ്തു എന്റെ സ്ഥാനത്തായിരുന്നെങ്കിൽ അവിടുന്ന് എന്തു ചെയ്യുമായിരുന്നു?" എന്ന വിസ്മയത്തിൽ നിർത്താതിരിക്കാനാണ് ഞാൻ ക്ഷണിക്കുന്നത്.

**വിശ്വാസത്തെ ലോകത്തിന്റെ അതിരുകളിലേക്ക് പകരുക**

യുവസുഹൃത്തുക്കളേ, നിങ്ങളും മാമ്മോദീസ വഴി സഭയുടെ ജീവിക്കുന്ന അംഗങ്ങളായി. അതോടെ എല്ലാവർക്കും സുവിശേഷം എത്തിച്ചു കൊടുക്കാനുള്ള ദൗത്യം നമ്മൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ ജീവിതത്തിന്റെ പടിവാതുക്കലാണ്. സഭയുടെ കൂദാശകൾ, നമുക്ക്



നല്കപ്പെട്ട വിശ്വാസത്തിന്റെ കൃപാവരത്തിൽ വളരുന്നതിന്, സാക്ഷികളുടെ മഹത്തായ പ്രവാഹത്തിലേക്ക് നമ്മെ മുക്കുന്നു. തലമുറതോറും കൂടുതൽ പ്രായമുള്ളവരുടെ ജ്ഞാനവും അനുഭവവും, ഭാവിയിലേക്ക് നോക്കുന്നവർക്ക് സാക്ഷ്യവും പ്രോത്സാഹനവുമായിത്തീരാൻ ആ സാക്ഷികൾ ശക്തി നല്കും. ജീവിതയാത്രയുടെ അന്തിമഘട്ടത്തിലേക്കു അടുക്കുന്നവർക്ക് യുവജനത്തിന്റെ നവീനതയും ആവേശവും പിന്തുണയുടെയും പ്രത്യാശയുടെയും ഉറവിടമാക്കി മാറ്റും. ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളുടെ ഈ ഇണക്കിച്ചേർക്കലിൽ സഭയുടെ മിഷൻ തലമുറകൾ തമ്മിലുള്ള പാലം പണിയും. നമ്മുടെ ദൈവവിശ്വാസവും അയൽക്കാരനോടുള്ള സ്നേഹവും അഗാധമായ ഐക്യത്തിന്റെ ഉറവിടമാകും.

വിശ്വാസത്തിന്റെ ഈ പകർന്നു നല്കൽ സഭയുടെ മിഷന്റെ കേന്ദ്രമാണ്. പകരാനുള്ള സ്നേഹത്തിന്റെ കഴിവിൽ നിന്നാണ് അത് ഉത്ഭവിക്കുന്നത്. അവിടെ സന്തോഷവും ആവേശവും ജീവിതത്തിൽ പുതുതായി കണ്ടെത്തിയ അർത്ഥത്തിന്റെയും നിറവേറലിന്റെയും പ്രകടനമായിത്തീരുന്നു. ആകർഷണം വഴിയുള്ള വിശ്വാസത്തിന്റെ വ്യാപനത്തിന് തുറവുള്ളതും സ്നേഹത്താൽ വികസിക്കപ്പെട്ടതുമായ ഹൃദയങ്ങൾ വേണം. സ്നേഹത്തിന് അതിരുകല്പിക്കാൻ സാധ്യമല്ല. കാരണം, അത് മരണത്തെപ്പോലെ ശക്തമാണ് (cf ഉത്തമഗീതം 8:6). കണ്ടുമുട്ടൽ, സാക്ഷ്യം, പ്രഘോഷണം എന്നിവയെ ആ വ്യാപനം ഉത്പാദിപ്പിക്കുന്നു. വിശ്വാസത്തിൽ നിന്ന് അകലെയായിരിക്കുന്നവരും, നിസ്സംഗരായിരിക്കുന്നവരും ശത്രുതയോടെ വിശ്വാസത്തെ എതിർക്കുന്നവരുമായ എല്ലാവരുമായി പരസ്നേഹത്തിൽ പങ്കുവയ്ക്കലിനെ ജനിപ്പിക്കുന്നു. യേശുവിന്റെ സുവിശേഷവും സഭയുടെ കൗദാശിക സാന്നിധ്യവും ഇനിയും അറിയാത്ത മാനുഷിക-സാംസ്കാരിക-മതാത്മക പരിതസ്ഥിതികളാണ് അങ്ങേയറ്റത്തെ അരികുകൾ അഥവാ ലോകത്തിന്റെ അതിരുകൾ. ആ അതിരുകളിലേക്ക് ഒന്നാമത്തെ ഈസ്റ്റർ മുതൽ ക്രിസ്തു തന്റെ പ്രേഷിതശിഷ്യരെ അയച്ചു. അവരുടെ കർത്താവ് എപ്പോഴും അവരുടെ കൂടെ ഉണ്ടാ

യിരിക്കുമെന്ന തീർച്ചയോടെയാണ് അയച്ചത് (cf മത്താ. 28:20; അപ്പ 1:8). “ജാതികളിലേക്കുള്ള പ്രേഷിതത്വം” എന്ന് നാം വിളിക്കുന്നത് ഇതിനെയാണ്. ഏറ്റവും ജീർണിച്ച അതിര് യേശുവിനെ ആവശ്യമുള്ള മനുഷ്യവർഗം വിശ്വാസത്തോട് നിസ്സംഗത പുലർത്തുന്ന സ്ഥലമാണ്. അല്ലെങ്കിൽ ദൈവത്തിലുള്ള ജീവന്റെ പൂർണതയോട് വിദ്വേഷം പ്രകടിപ്പിക്കുന്നിടമാണ്. ഭൗമികവും ആധ്യാത്മികവുമായ എല്ലാ ദാരിദ്ര്യവും നമ്മുടെ സഹോദരീസഹോദരന്മാരോട് കാണിക്കുന്ന വിവേചനത്തിന്റെ ഓരോ രൂപവും എപ്പോഴും ദൈവത്തെയും അവിടത്തെ സ്നേഹത്തെയും തള്ളിക്കളയുന്നതിന്റെ ഫലമായിട്ട് ഉണ്ടാകുന്നതാണ്.

പ്രിയ യുവജനമേ, ലോകത്തിന്റെ അതിരുകൾ ഇക്കാലത്ത് തികച്ചും ആപേക്ഷികമാണ്. മിക്കപ്പോഴും എളുപ്പത്തിൽ “കപ്പൽ സഞ്ചാരം ചെയ്യാവുന്നതുമാണ്. ഡിജിറ്റൽ ലോകം - ഏറെ വ്യാപകവും സുലഭവുമായ സാമൂഹിക നെറ്റുവർക്കുകൾ അതിരുകളെ ഇല്ലാതാക്കുന്നു. അകലം ഇല്ലാതാക്കുന്നു. വ്യത്യാസങ്ങൾ കുറയ്ക്കുന്നു. എല്ലാം കൈയെത്തുന്നിടത്ത് ഉള്ളവയായി ഏറ്റവും അടുപ്പത്തിലുള്ളതായി, നേരിട്ടു കിട്ടുന്നതായി തോന്നുന്നു. എന്നാലും അനേകം ബന്ധപ്പെടലുകൾ നമുക്ക് ഉണ്ടാകുന്നുണ്ടെങ്കിലും ജീവന്റെ യഥാർഥ കൂട്ടായ്മയിൽ ഒരിക്കലും പങ്കുചേരുന്നില്ലെന്നു വരാം. നമ്മുടെ ജീവിതത്തിന്റെ ആത്മാർഥമായ ദാനമില്ലാത്തതുകൊണ്ടാണത്. ലോകത്തിന്റെ അതിർത്തികൾവരെ മിഷനിൽ പങ്കുചേരുകയെന്നത്, ദൈവം നമുക്കു തന്ന വിളിയിൽ നമ്മെത്തന്നെ ദാനമായി നല്കുകയെന്നത്, ആവശ്യമാണ്. ദൈവമാണല്ലോ നമ്മെ ഈ ഭൂമിയിൽ സ്ഥാപിച്ചത് (cf ലൂക്കാ 9:23-25). യേശുക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന ഏതു യുവാവിനെയും യുവതിയെയും സംബന്ധിച്ചിടത്തോളം ഏറ്റവും സത്താപരമായിട്ടുള്ളത് സ്വന്തം വിളി അന്വേഷിക്കുകയും കണ്ടെത്തുകയും അതിൽ നിലനില്ക്കുകയും ചെയ്യുകയെന്നതാണ് എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.



## സ്നേഹത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട്

തന്റെ സഭയിൽ വസിക്കുന്ന യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടുവാൻ നിങ്ങൾക്ക് സാധ്യത നല്കുന്ന സഭാത്മകഗ്രൂപ്പുകളായിട്ടുള്ള ഇടവകകൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ സന്ന്യസ്ത സമൂഹങ്ങൾ എന്നിവരോടും മിഷണറിസേവനത്തിന്റെ വിവിധപ്രകാശനങ്ങളോടും എനിക്കു നന്ദിയുണ്ട്. എത്രയോ യുവജനങ്ങൾ പ്രേഷിതത്വ സന്നദ്ധസേവനത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരിൽ “ഏററവും എളിയവരെ” സേവിക്കാനുള്ള മാർഗം കണ്ടെത്തുന്നുണ്ട് (cf മത്താ. 25:40). അവർ മനുഷ്യമഹത്ത്വത്തെ വളർത്തുന്നു. സ്നേഹത്തിന്റെ സന്തോഷത്തിനും ക്രിസ്ത്യാനിയായിരിക്കുന്നതിലുള്ള സന്തോഷത്തിനും അവർ സാക്ഷ്യം വഹിക്കുന്നു. സഭാത്മകമായ ഈ അനുഭവങ്ങൾ യുവജനങ്ങളെ പ്രൊഫഷണൽ വിജയത്തിനായി മാത്രമല്ല പിന്നെയോ, മറ്റുള്ളവർക്കു സേവനം ചെയ്യാൻ ദൈവം നല്കിയ ദാനങ്ങളെ വികസിപ്പിക്കുകയും വളർത്തുകയും ചെയ്യാനും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. താത്കാലിക മിഷണറി സേവനത്തിൽ പ്രശംസനീയമായ ഈ രൂപങ്ങൾ ഫലപൂർണമായ ആരംഭമാണ്. വിളിപരമായ തിരിച്ചറിവിലൂടെ നിങ്ങളെ സഹായിക്കാൻ- മിഷണറിമാരായി ജീവിതം മുഴുവൻ സമർപ്പിക്കാൻ സഹായിക്കുന്നതിന്- അവർക്ക് കഴിയും.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ യുവഹൃദയങ്ങളിൽ നിന്നാണു ജനിച്ചത്. ഓരോ ജനതയോടും സുവിശേഷ പ്രസംഗം നടത്താനുള്ള പിന്തുണയുടെ മാർഗമാണത്. സത്യം അറിയാൻ ദാഹിക്കുന്ന എല്ലാവർക്കും മാനുഷികവും സാംസ്കാരികവുമായ വളർച്ചയ്ക്കായി സഹായം ചെയ്യുവാനാണത്. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയിലൂടെ പ്രാർത്ഥനയും ഭൗതികസഹായങ്ങളും ഉദാരതയോടെ നല്കപ്പെടുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. വ്യക്തിപരമായ കാര്യങ്ങളിൽ സഹായിക്കപ്പെടുന്നവർ അവരുടെ അനുദിന ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ കഴിവുള്ളരാകുമെന്ന് പരിശുദ്ധ സിംഹാസനത്തിന് ഉറ

പ്പുണ്ടാകാൻ ആ സൊസൈറ്റികൾ സഹായിക്കുന്നു. തങ്ങൾക്ക് ഉള്ളത് എന്നതിനെക്കാൾ തങ്ങൾ ആയിരിക്കുന്നതെന്തോ അത് ഒന്നാമതായി നല്കാൻ കഴിയാത്തവിധം ദരിദ്രനായി ആരുമില്ല. ചില്ലിയിലെ യുവജനത്തോട് ഞാൻ പറഞ്ഞ പ്രോത്സാഹനകരമായ വാക്കുകൾ ആവർത്തിക്കട്ടെ: "ഒന്നും കൊടുക്കാനില്ലെന്നോ ആർക്കും നിങ്ങളെക്കൊണ്ട് ആവശ്യമില്ലെന്നോ നിങ്ങൾ ഒരിക്കലും വിചാരിക്കരുത്. ഏറെ ആളുകൾക്ക് നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. ഇതിനെപ്പറ്റി ചിന്തിക്കുക! നിങ്ങളിൽ ഓരോ വ്യക്തിയും ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കണം: അനേകർക്ക് ആവശ്യമുള്ള ആളാണ് ഞാൻ" (യുവജനങ്ങളെ കണ്ടുമുട്ടൽ, മയ്പൂ ഷ്റൈൻ, 17 ജനുവരി 2018).

പ്രിയ യുവജനമേ, മിഷനുകളുടെ മാസമായ ഈ ഒക്ടോബർ മാസത്തിൽ നിങ്ങൾക്കായുള്ള സൂനഹദോസു നടത്തും. യേശുവിനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള അവിടുത്തേ മിഷനും വികാരാവേശത്തോടെ കൂടുതൽ സമർപ്പിതരായ മിഷണറി ശിഷ്യന്മാരാകാൻ ഒരിക്കൽ കൂടി നമ്മെ സഹായിക്കുന്ന ഒരവസരമായിരിക്കും അത്. നമുക്ക് എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കാനും ശ്ലീഹന്മാരുടെ രാജ്ഞിയായ മറിയത്തോടും വിശുദ്ധ ഫ്രാൻസിസ് സേവ്യറിനോടും വിശുദ്ധ കൊച്ചുത്രേസ്യായോടും വാഴ്ത്തപ്പെട്ട പാവുളോ മന്നായോടും ഞാൻ അപേക്ഷിക്കുന്നു.

വത്തിക്കാനിൽ നിന്ന്, 20 മേയ് 2018 പെന്തെക്കോസ്താ തിരുനാൾ ദിവസം
**ഫ്രാൻസിസ് മാർപാപ്പാ**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം പി.ഒ.സി., കൊച്ചി - 682 025





C. 20.

# സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിന് സെപ്റ്റംബർ 24 -ാം തിയതി തിങ്കളാഴ്ച ഞാൻ റോമിലേക്ക് പുറപ്പെടുകയാണ്. നവംബർ 3-ാം തിയതി മാത്രമേ തിരിച്ചെത്തുകയുള്ളൂ. ആദ്യത്തെ സമ്മേളനം സെപ്റ്റംബർ 25 മുതൽ 28 വരെയുള്ളത് സഭൈക്യത്തിനു വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റേതാണ്. ഈ കൗൺസിലിൽ ഞാനൊരു അംഗമാണെന്ന് നിങ്ങളിൽ കുറെ പേർക്കെങ്കിലും അറിയാമല്ലോ. രണ്ടാമത്തെ സമ്മേളനം ഒക്ടോബർ 3 മുതൽ 28 വരെ നടക്കുന്ന സിനഡാണ്. 'യുവജനങ്ങൾ വിശ്വാസവും ദൈവവിളി വിവേചിച്ചറിയലും' എന്നതാണ് സിനഡിന്റെ ചർച്ചാവിഷയം. സിനഡിന് വേണ്ടിയുള്ള നമ്മുടെ സഭയിലെ ഒരുക്കങ്ങളിലെല്ലാം നിങ്ങളും പങ്കാളികളായിരുന്നല്ലൊ. നമ്മുടെ സഭയിൽനിന്ന് അഭിവന്ദ്യ ജോസഫ് പണ്ടാരശ്ശേരിൽ, ജോസഫ് പാംപ്ലാനി എന്നീ പിതാക്കന്മാരും എന്നോടൊപ്പം സിനഡിൽ സംബന്ധിക്കുന്നുണ്ട്. കൂടാതെ, മലങ്കര സഭയിൽനിന്ന് അഭിവന്ദ്യ കർദ്ദിനാൾ ബസേലിയൂസ് ക്ലീമീസ് പിതാവും ലത്തീൻ സഭയിൽ നിന്ന് 5 പിതാക്കന്മാരും പങ്കെടുക്കുന്നുണ്ട്. ഈ രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളുടെയും, വിശിഷ്യാ സിനഡിന്റെ വിജയത്തിനുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണമെന്ന് ഞാൻ സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

അടുത്ത കാലങ്ങളിൽ ഇന്ത്യയിലെ സഭയിൽ നടന്ന ചില സംഭവങ്ങൾ സഭാമക്കളായ നിങ്ങൾക്ക് വേദനയും ആശയക്കുഴപ്പവും ഉണ്ടാക്കിയിട്ടുണ്ടെന്ന് എനിക്കറിയാം. നിങ്ങളോടൊപ്പം ഞാനും വേദനിക്കുന്നുണ്ട്. ചില കാര്യങ്ങളിൽ ചിലർ എന്നെ പരാമർശിച്ചും തങ്ങളുടെ ആശങ്കകളും അഭിപ്രായങ്ങളും പ്രകടിപ്പിച്ചി

ട്ടുണ്ട്. മേജർ ആർച്ച് ബിഷപ്പ് എന്ന നിലയിലുള്ള എന്റെ ചുമതലകൾ എന്റെ സഹപ്രവർത്തകരോടും പരിശുദ്ധ സിംഹാസനത്തോടു ബന്ധപ്പെട്ട ഉന്നത സഭാശുശ്രൂഷകരോടും ആലോചിച്ചാണ് ചെയ്തു വരുന്നത്. കുറവുകളുണ്ടാകുമ്പോൾ അവ പരിഹരിക്കുവാൻ പരിശ്രമിക്കുന്നുമുണ്ട്.

തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും ഉണ്ടാവുക മനുഷ്യസഹജമാണ്. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോയാണ് ഏറ്റവും അധികം തെറ്റിദ്ധരിക്കപ്പെട്ടവൻ. ഏറ്റവുമധികം കുറ്റപ്പെടുത്തപ്പെട്ടവനും അവിടുന്നു തന്നെയാണ്. പീലാത്തോസിനോടോ, ഹേറോദോസിനോടോ, തന്റെ ശിഷ്യന്മാരോടു തന്നെയുമോ എല്ലാം വെളിപ്പെടുത്തി തന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അവിടുന്ന് ഒരുമ്പെട്ടതായി കാണുന്നില്ല. തന്റെ പ്രതിയോഗികളുടെ ഉപജാപങ്ങളും ഗൂഢാലോചനകളും മൂലം നിഷ്ഠൂരമായ പീഡനങ്ങൾക്കും കുരിശുമരണത്തിനും അവിടുന്ന് വിധേയനായി. ആ സഹനവും മരണവും മനുഷ്യരക്ഷയ്ക്ക് കാരണമായി തീർന്നു എന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ സവിശേഷത.

ചില സമീപകാല സംഭവങ്ങൾ ചിലർക്കൊക്കെ ഉതപ്പിന് കാരണമായെന്നും മനസ്സിലാക്കുന്നു. ഉതപ്പുകളെക്കുറിച്ച് ഈശോ പറയുന്നതിപ്രകാരമാണ്: ''ദുഷ്പ്രേരണകൾ ഉണ്ടാകാതിരിക്കുക അസാദ്ധ്യം. എന്നാൽ, ആർമൂലം അവ ഉണ്ടാകുന്നുവോ അവനു ദുരിതം'' (ലൂക്കാ 17:1). മനുഷ്യസമൂഹത്തിൽ എല്ലാക്കാലത്തും ഇടർച്ചയുണ്ടാക്കുന്ന സംഭവങ്ങൾ അരങ്ങേറിയിട്ടുണ്ട്. അതീവഗുരുതരങ്ങളായവയും സംഭവിച്ചിട്ടുണ്ട്. അതിന്റെ പേരിൽ ഇടർച്ചയ്ക്ക് കാരണമാകുന്ന സംഭവങ്ങളെ ന്യായീകരിക്കാൻ നമുക്ക് സാധിക്കുകയില്ല. ഇടർച്ചകൾ ഉണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കുകയാണ് വേണ്ടത്. ഇടർച്ചയ്ക്കു കാരണമാകുന്ന സംഭവങ്ങളിൽ എപ്രകാരം പ്രതികരിക്കണമെന്നും പരിഹാരങ്ങൾ കാണണമെന്നും അടുത്തകാലത്തെ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ എല്ലാവരും ചിന്തിക്കുന്നതും ആരോഗ്യകരമായ സമീപനങ്ങൾ സ്വീകരിക്കുന്നതും നന്നായിരിക്കും. ഇപ്പോൾ നടക്കുന്ന രീതികൾ സഭയുടെ സന്ദേശത്തിനോ സാക്ഷ്യത്തിനോ നിരക്കുന്നവയാണോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.



സമൂഹത്തിലും സഭയിലും വിവാദങ്ങളോ ഇടർച്ചകളോ ഉണ്ടാകുമ്പോൾ നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ, പരീക്ഷണങ്ങളിൽ പരാജയപ്പെടേണ്ടവരല്ല നമ്മൾ. ഈശോയ്ക്കും തന്റെ പരസ്യജീവിതത്തിൽ പരീക്ഷണങ്ങൾ ഉണ്ടായിരുന്നല്ലോ. നഷ്ടധൈര്യനാകാതെ തന്റെ പിതാവായ ദൈവത്തിലാശ്രയിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരീക്ഷണങ്ങളെയെല്ലാം വിജയത്തിന്റെ വഴിത്താരയാക്കി അവിടുന്ന് മാറ്റി. സഭയും എല്ലാക്കാലങ്ങളിലും പരീക്ഷണങ്ങളെ നേരിട്ടിട്ടുണ്ട്. ഒരു വ്യക്തിക്കോ ഏതാനും പേർക്കോ ഉണ്ടാകുന്ന വീഴ്ച സഭ മുഴുവന്റെയും വീഴ്ചയോ പരാജയമോ ആയി കാണുന്നത് ശരിയല്ല. ഇക്കാലത്ത് സഭ നേരിടുന്ന പരീക്ഷണങ്ങളെ സധൈര്യം നേരിടുവാൻ നമുക്ക് സഭയോടൊത്തു നിൽക്കാം. ഭഗ്നാശരാകാതെ വിശ്വാസത്തിൽ അടിയുറച്ച് നിന്നുകൊണ്ട് പരിശുദ്ധാത്മാവ് നൽകുന്ന പ്രത്യാശയോടെ നമുക്ക് പരീക്ഷണങ്ങളെ അതിജീവിക്കാം. ദൈവവചനത്തിലൂടെയും പ്രാർത്ഥനയിലൂടെയും നാം ശക്തി സംഭരിക്കണം.

ആഗസ്റ്റു മാസത്തിലെ പ്രകൃതി ദുരന്തങ്ങളെ സൃഷ്ടപ്രപഞ്ചത്തിന്റെ പരിമിതിയുടെ വെളിപ്പെടുത്തലുകളായിട്ടാണ് നാം കാണേണ്ടത്. മനുഷ്യർക്ക് രോഗങ്ങളും തെറ്റുകളും കുറ്റങ്ങളും ഒക്കെ ഉള്ളതുപോലെ പ്രപഞ്ചത്തിനും അതിന്റെ പ്രയാണത്തിൽ വ്യതിചലനങ്ങൾ ഉണ്ടാകുന്നു. അത്തരം വ്യതിചലനങ്ങളായിട്ടുവേണം ഭൂകമ്പങ്ങളെയും പ്രളയത്തെയും ഉരുൾപൊട്ടലുകളെയും ചുഴലിക്കാറ്റുകളെയും മറ്റ് സമാന പ്രതിഭാസങ്ങളേയും നാം കാണുവാൻ. മനുഷ്യരുടെ തിന്മകളും രോഗങ്ങളും നാം പരിഹരിക്കുന്നതിന് പരിശ്രമിക്കുന്നതുപോലെതന്നെ പ്രപഞ്ചത്തിനുണ്ടാകുന്ന കെടുതികളേയും ഏറ്റെടുത്ത് പരിഹാരം കണ്ടെത്തുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള എല്ലാ പരിശ്രമങ്ങളിലും ദൈവപരിപാലനയിൽ ആശ്രയിച്ച് പ്രത്യാശയോടെ സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തനനിരതരാകേണ്ടവരാണ് നമ്മൾ. ക്രൈസ്തവവിശ്വാസം അതിന് നമുക്ക് ശക്തി പകരണം.

പ്രളയക്കെടുതിയിൽ സഭയുടെ എല്ലാ ഭാഗങ്ങളിലും നിന്നും ഉണ്ടായ ദുരിതാശ്വാസപ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. അവയെ

ക്കുറിച്ച് നിങ്ങൾ ബോധവാന്മാരാണെന്നു ഞാൻ കരുതുന്നു. മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് KCBC നൽകിയ ഒരു കോടി രൂപയിൽ സീറോ മലബാർ സഭയുടെ വിഹിതമായ 50 ലക്ഷം രൂപ നമ്മുടെ സാമൂഹ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന 'സ്പന്ദൻ' വഴി ലഭിച്ച സംഭാവനയിൽനിന്നും നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ഫണ്ടിലേയ്ക്ക് നൽകുന്നതാ യിരിക്കും. ഇതിനു പുറമെ ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് നൂറ്റി ഒൻപത് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി പതിനായിരത്തി മുന്നൂറ്റി എൺപത്തി നാല് (109,91,10,384) രൂപയുടെ ദുരിതാശ്വാസ പ്രവർത്തന ങ്ങൾ സീറോ മലബാർ സഭയിലെ വിവിധ രൂപതകളും ഇടവകകളും മേജർ സെമിനാരികളും സന്യാസസമൂഹങ്ങളും അത്മായ സഹോ ദരങ്ങളും നിർവഹിച്ചിട്ടുണ്ട്. ഇനിയും ഇരുന്നൂറിൽ പരം കോടി രൂപ യുടെ ദുരിതാശ്വാസ പദ്ധതികൾക്ക് വിവിധ രൂപതകളും സമർപ്പിത സമൂഹങ്ങളും പദ്ധതി തയ്യാറാക്കിയിട്ടുമുണ്ട്. സഭാമക്കളുടെ കറി നാധ്വാനവും കാരുണ്യപ്രവർത്തനങ്ങളും തുടർന്നും ഉണ്ടാകണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

എന്റെ യാത്രയും റോമിലെ ശുശ്രൂഷകളും ഫലപ്രദമായി നിർവ്വഹിക്കുന്നതിനും നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

N.B. ഈ സർക്കുലർ ഒക്ടോബർ 7-ാം തീയതി ഞായറാഴ്ച ദൈവാ ലയങ്ങളിൽ വായിക്കേണ്ടതാണ്.



# രൂപതക്കച്ചേരി

## C. 65/18 യുവവൈദികരുടെ വാർഷിക സെമിനാർ

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന യുവവൈദികർ ക്കായി 2018 നവംബർ 19, 10.30 am മുതൽ നവംബർ 21, 4.00 pm വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് സെമിനാർ നടത്തുന്നു.

2012 ജനുവരി 31 ന് ശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ വൈദികരും പ്രസ്തുത സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

*Bishop*

## C. 66/18 മിഷൻ ഞായർ

ഒക്ടോബർ 28-ാം തീയതി സഭ ആഗോള തലത്തിൽ മിഷൻ ഞായർ ആഘോഷിക്കുന്നു. മിഷൻ ഞായർ സമുചിതമായി ആചരി ച്ചുകൊണ്ട് നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സഹക രിക്കാം. മിഷൻ ഞായറിനോടനുബന്ധിച്ചുള്ള മിഷൻ പിരിവ് എല്ലാ ഇടവകകളിലും നടത്തേണ്ടതും ആ പിരിവിലൂടെ ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതുമാണ്.

*Bishop*

## C. 67/18 Monthly Recollection for Priests

ഒക്ടോബർമാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 301 മുതൽ 326 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

## C. 68/18 തിരുപ്പട്ടസ്വീകരണം 2018-19

ഇടുക്കി രൂപതയിൽനിന്നും 2018-19 വർഷത്തിൽ തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്ന ബഹു. ഡീക്കൻമാരുടെയും അവരുടെ

മാതാപിതാക്കളുടെയും വികാരിയച്ചൻമാരുടെയും ഒരു സമ്മേളനം ഒക്ടോബർമാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.30 മുതൽ കത്തീഡ്രൽ പള്ളിയിൽവച്ച് നടത്തപ്പെടുന്നു. തിരുപ്പട്ട സ്വീകരണത്തെയും അതിന്റെ ക്രമീകരണങ്ങളെയും സംബന്ധിച്ച പ്രധാനപ്പെട്ട പൊതുനിർദ്ദേശങ്ങൾ നൽകുന്ന ഈ സംഗമത്തിലേക്ക് സന്യാസ സഭകൾക്കായി പട്ടം സ്വീകരിക്കാനൊരുങ്ങുന്നവരുൾപ്പെടെ എല്ലാ ഡീക്കൻമാരുടെയും അവരുടെ മാതാപിതാക്കളുടെയും സാന്നിദ്ധ്യം ബഹു. വികാരിയച്ചന്മാർ ഉറപ്പുവരുത്തുമല്ലോ.

*Proto Syncellus*

## C. 69/18 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. ഫ്രാൻസീസ് ഇടവക്കണ്ടം | ഒക്ടോബർ 04 |
| റവ. ഫാ. ഫ്രാൻസീസ് കോലോത്ത് | ,, |
| റവ. ഫാ. ഫ്രാൻസീസ് ചുനയന്മാക്കൽ | ,, |
| റവ. ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ | ,, |
| റവ. ഫാ. ഫ്രാൻസീസ് കുഴിപ്പിള്ളിൽ | ,, |
| റവ. ഫാ. അബ്രാഹം പുറയാറ്റ് | ഒക്ടോബർ 09 |
| റവ. ഫാ. അബ്രാഹം ഇരട്ടച്ചിറയിൽ | ,, |
| റവ. ഫാ. ലൂക്ക് ആനിക്കുഴിക്കാട്ടിൽ | ഒക്ടോബർ 18 |
| റവ. ഫാ. ലൂക്ക് തച്ചാപറമ്പത്ത് | ,, |

*Bishop*

# ക്രിസ്തുജ്യോതി

## CJ. 61/18 നസ്രത്തുദിനം

കഴിഞ്ഞ വർഷം നടത്തിയ നസ്രത്തുദിനം ഈ വർഷവും നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. 2018 ഒക്ടോബർ 1-ാം തിയതി 7.00 pm ന് ആണ് നസ്രത്തുദിനം നടത്തേണ്ടത്.



## CJ. 62/18 ഒന്നാം ടേം പരീക്ഷ

ഒന്നാം ടേം പരീക്ഷ ഒക്ടോബർ 7-ാം തിയതിയാണ് നടത്തേണ്ടത്. ഉത്തരപേപ്പറുകൾ ഇടവകകളിൽ തന്നെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. പരീക്ഷ എഴുതുവാൻ കുട്ടികൾ ഉത്തരപേപ്പറുകൾ കൊണ്ടുവരേണ്ടതാണ്. ചോദ്യപേപ്പറുകൾ അതാതു വിതരണ കേന്ദ്രങ്ങളിൽനിന്നും കൈപ്പറ്റാവുന്നതാണ്.

## CJ. 63/18 സഹ്യജ്യോതി +2 മീറ്റ് ഇടവകതലത്തിൽ

പല +2 സ്കൂളുകളിലും ക്ലാസ് നടക്കുന്നതിനാൽ ഫൊറോന തലത്തിൽ 2018 ഒക്ടോബർ 13-ാം തിയതി നടത്താൻ നിശ്ചയിച്ചിരുന്ന സഹ്യജ്യോതി +2 മീറ്റ് ഈ വർഷം ഇടവക തലത്തിലാണ് നടത്തേണ്ടത്. കുട്ടികൾക്ക് നല്കാനുള്ള ലിഫ്ലറ്റും അത് ഉപയോഗിച്ച് ക്ലാസ് എടുക്കുവാനുള്ള പരിശീലനവും ഒക്ടോബർ 20-ാം തിയതി ശനി (പൂജ അവധി) 10.00 am-ന് അടിമാലി ആത്മജ്യോതിയിൽ നടത്തുന്നു. XII-ാം പഠിപ്പിക്കുന്ന അദ്ധ്യാപകരും ഒപ്പം ക്ലാസെടുക്കാൻ താല്പര്യമുള്ള വൈദികരും ഈ ട്രെയിനിംഗിൽ പങ്കെടുക്കണം. ഇടവകയിലേക്കുള്ള ലിഫ്ലെറ്റുകൾ അന്നേ ദിവസം നല്കും. ഒരു കുട്ടിക്ക് 1 കോപ്പി വീതം 10 രൂപ നിരക്കിൽ വാങ്ങാൻ തയ്യാറായി വരണം. ഒക്ടോബർ 20 കഴിഞ്ഞുള്ള ശനിയാഴ്ചകളിലോ ഞായറാഴ്ച ഉച്ചകഴിഞ്ഞ് സ്പെഷ്യൽ സെമിനാർ ആയിട്ടോ സഹ്യജ്യോതി ക്രമീകരിക്കാവുന്നതാണ്.

സഹ്യജ്യോതി ട്രെയിനിംഗിനുശേഷം 'വിശ്വാസവഴിയിലെ സംശയങ്ങൾ' എന്ന ഗ്രന്ഥത്തിൽ നിന്നും XII-ാം ക്ലാസ് കുട്ടികൾക്ക് നിർദ്ദേശിച്ചിരിക്കുന്ന പഠനഭാഗത്തെ ആസ്പദമാക്കിയുള്ള ക്ലാസ് ബഹു. ഡോ. ജോബി തെക്കേക്കര നയിക്കുന്നതാണ്. പ്രസ്തുത പാഠഭാഗങ്ങൾ അദ്ധ്യാപകർ വായിച്ച് ഒരുങ്ങി വരേണ്ടതാണ്.

## CJ. 64/18 SMCC +2 പ്രതിഭാ ക്യാമ്പ്

ഒക്ടോബർ 18, 19, 20 തിയതികളിൽ അടിമാലി ആത്മജ്യോതിയിൽ നടക്കുന്ന SMCC പ്രതിഭാ ക്യാമ്പിലേക്ക് രജിസ്ട്രേഷൻ ക്ഷണിക്കുന്നു. 12-ാം ക്ലാസിൽ നിന്ന് ഒരു ഇടവകയിൽ നിന്ന് ഒരു

ആൺകുട്ടിയേയും ഒരു പെൺകുട്ടിയേയുമാണ് ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കേണ്ടത്. മികച്ച സ്വഭാവവും കഴിവും ഉള്ള XI-ാം ക്ലാസിൽ നിന്ന് 85% മാർക്ക് വാങ്ങിയ കുട്ടികളെയാണ് ഇടവകയിൽ നിന്നും തിരഞ്ഞെടുക്കേണ്ടത്. ഒക്ടോബർ 1-ാം തിയതിക്കുമുമ്പ് പേര് ഓഫീസിൽ അറിയിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജി. ഫീസ് 600 രൂപയാണ്. ഇതിൽ ക്രിസ്തുജ്യോതി 350/- രൂപ വഹിക്കുന്നതാ യിരിക്കും. രജി. ഫീസ് ക്യാമ്പിനു വരുമ്പോൾ കൊണ്ടുവന്നാൽ മതിയാകും.

### CJ. 65/18 ‘നേതൃജ്യോതി’ HM Conferance

‘നേതൃജ്യോതി’ HM Conferance ഒക്ടോബർ 20-ാം തിയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് അടിമാലി ആത്മജ്യോതിയിൽ വച്ചു നടത്തുന്നു. ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ് അല്ലെങ്കിൽ സൺഡേ സ്കൂൾ വിസിറ്റിന് പോകാൻ ഇടവകയിൽനിന്നും നിർദ്ദേശിക്കുന്ന 1 പ്രതി നിധി മാത്രം ഈ വർഷത്തെ ‘നേതൃജ്യോതി’യിൽ പങ്കെടുത്താൽ മതിയാകും.

### CJ. 66/18 സ്റ്റഡിഫോറം

മതാദ്ധ്യാപകരുടെ പ്രാർത്ഥനാദിനവും സ്റ്റഡിഫോറവും ഒക്ടോബർ 21-ാം തിയതിയാണ് നടത്തേണ്ടത്.

### CJ. 67/18 മതാദ്ധ്യാപകരുടെ കൈയ്യെഴുത്തുമാസിക മത്സരം

**നിർദ്ദേശങ്ങൾ**

- പ്രമേയം : യുവജനങ്ങളും വിശ്വാസജീവിതവും
- ബൈൻഡ് ചെയ്ത മാസിക സമർപ്പിക്കേണ്ട അവസാന തിയതി : 2019 ജനുവരി 28.
- പങ്കെടുക്കുന്നവർ ഇപ്പോൾ മതാദ്ധ്യാപകരായിരിക്കുന്നവരും സബ്സ്റ്റിറ്റ്യൂട്ടായി നിൽക്കുന്നവരും മാത്രമായിരിക്കണം.
- രചനകൾ മൗലികമായിരിക്കണം.
- ഡയറക്ടറച്ചന്മാരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ രചനകൾ പാടില്ല.
- ചിത്രങ്ങൾ വെട്ടി ഒട്ടിക്കരുത്, പ്രിന്റ് പാടില്ല.



- പേജുകളുടെ എണ്ണം 30-ൽ കുറയുവാനും 50-ൽ കൂടുവാനും പാടില്ല.
- A4 Size പേപ്പർ ഉപയോഗിക്കണം.

**മൂല്യനിർണ്ണയ രീതിയും മാർക്ക് വിഭജനവും**

- പ്രമേയത്തോടുള്ള വിശ്വസ്തത (50 മാർക്ക്).
- കലാമൂല്യം കഥ, കവിത, ലേഖനം, ചിത്രം തുടങ്ങിയ കലാരൂപങ്ങളുടെ ആനുപാതികത (30 മാർക്ക്).
- സംവിധാനം, സമഗ്രത (10 മാർക്ക്).
- കവർ പേജ് (5 മാർക്ക്).
- എഡിറ്റോറിയൽ (5 മാർക്ക്).

### CJ. 68/18 ഗ്രന്ഥങ്ങൾ

ലോഗോസ് ക്വിസ് പായ്ക്കറ്റിനോടൊപ്പം നല്കിയിട്ടുള്ള രണ്ട് ഗ്രന്ഥങ്ങൾ സൺഡേ സ്കൂൾ ലൈബ്രറിയിൽ സൂക്ഷിക്കുവാനുള്ളതാണ്. ‘യുഗാന്ത്യ ദൈവശാസ്ത്രം’ എന്ന ഗ്രന്ഥം XI-ാം ക്ലാസ് ടീച്ചേഴ്സിനുള്ള റഫറൻസ് ഗ്രന്ഥമായി ഉപയോഗിക്കുവാൻ നിശ്ചയിച്ചിട്ടുള്ളതാണ്. ‘മണ്ണും മനുഷ്യനും - ഒരു ദൈവഭക്തന്റെ ജീവിത ദർശനം’ എന്ന ഗ്രന്ഥം കിട്ടാത്ത സ്കൂളുകൾ അത് ക്രിസ്തുജ്യോതി ഓഫീസിൽനിന്നും വാങ്ങേണ്ടതാണ്.

## CORPORATE EDUCATIONAL AGENCY

### Edn. 21/18 ജപമാല ആചരണം

ഒക്ടോബർ ജപമാല ആചരണത്തിനായി സമർപ്പിച്ചിരിക്കുന്ന മാസമാണല്ലോ. പതിവുപോലെ കെ.സി.എസ്.എൽ-ന്റേയും, കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും നേതൃത്വത്തിൽ ജപമാല ആചരണം എല്ലാ സ്കൂളുകളിലും ഭക്തിനിർഭരമായി നടത്തുവാൻ ഉത്സാഹിക്കുക. മുഴുവൻ അധ്യാപക-അനധ്യാപകരുടെ സാന്നിദ്ധ്യം സജീവമായി ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

## Edn. 22/18 മെയിന്റനൻസ് ഗ്രാന്റ്

2018-19 ലെ വർഷത്തെ മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ഇതിനകം നൽകിയിട്ടുണ്ടല്ലോ. 2017-18 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിന്റെ കണക്കും വൗച്ചറുകളും ഈ ഓഫീസിലെ 01-10-2014 ലെ M.G. 01/14-ാം നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം തയ്യാറാക്കി 10-10-2018 നു മുമ്പായി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സ്വീപിംഗ് ചാർജ് കാലോചിതമായി പരിഷ്ക്കരിക്കേണ്ടതാണ് (ദിവസേന 200-250 രൂപ നിരക്കിൽ). 2017-18 വർഷം 20000 രൂപയ്ക്കുമേൽ മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ചു കിട്ടിയ വിദ്യാലയങ്ങളുടെ കണക്കുകൾ മാത്രം ഓഡിറ്റു നടത്തിയാൽ മതി.

# സോഷ്യൽ സർവ്വീസ്

## SS 106/18 ദുരന്തബാധിതർക്ക് കൈത്താങ്ങ്

ദുരന്തബാധിതരെ സഹായിക്കുന്നതിനായി ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ താഴെ പറയുന്നു.

1) ദുരന്തത്തിന്റെ ജില്ലാതലത്തിലും ഇടവകതലത്തിലും ഉള്ള വിവരങ്ങൾ കൃത്യമായി ശേഖരിച്ചു.
2) 90,00,000 രൂപയുടെ 6037 കിറ്റുകൾ വിവിധ ഇടവകകളിലായി ദുരിതബാധിതർക്ക് വിതരണം ചെയ്തു.
3) വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലം ദാനം ചെയ്യാൻ സന്നദ്ധതയുള്ളവരുടെ യോഗം വിളിച്ചു. 30 ആളുകൾ സന്നദ്ധത അറിയിച്ചു. 8 ഏക്കറിലധികം സ്ഥലം ഇപ്രകാരം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.
4) പള്ളികളിൽ നിന്നും മറ്റ് സ്ഥലങ്ങളിൽ നിന്നും സാമ്പത്തിക സമാഹരണം നടത്തിവരുന്നു.



5) കരുണാ ആശുപത്രിയുടെ സഹകരണത്തോടെ 10 മൊബൈൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി.
6) വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സഹായം അഭ്യർത്ഥിച്ച് പ്രോജക്ടുകൾ തയ്യാറാക്കി നൽകി.
7) കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടെ 1000 കുടുംബങ്ങൾക്ക് പ്രത്യേക കിറ്റുകൾ തയ്യാറായി വരുന്നു.

ലഭിച്ച സ്തോത്രക്കാഴ്ച സംഭാവനകളുടെ വിവരങ്ങൾ അടുത്ത മാസത്തെ സഹ്യനാദത്തിൽ പ്രസിദ്ധീകരിക്കും.

## SS 107/18 ദുരിതാശ്വാസനിധി

സൊസൈറ്റിയിൽനിന്നും സെപ്റ്റംബർ മാസത്തിൽ 3 പേർക്ക് ചികിത്സയ്ക്കായി 7500 രൂപ നൽകി.

## SS 108/18 അഞ്ജനം നേത്രദാന പദ്ധതി

അഞ്ജനം നേത്രദാന പദ്ധതിയിലൂടെ സെപ്റ്റംബർ മാസത്തിൽസുകുമാരൻ നായർ റ്റി.എ. തറപ്പേൽ കൽകൂന്തൽ എന്നയാൾ തന്റെ കണ്ണുകൾ ദാനം ചെയ്തു.അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ പ്രത്യേകം നന്ദി അറിയിക്കുന്നു.

## SS 109/18 സ്കോളർഷിപ്പ് വിതരണം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി CHAI ഫൗണ്ടേഷന്റെ സഹായത്തോടെ ഭിന്നശേഷിയുള്ള 78 കുട്ടികൾക്ക് പഠന, ആരോഗ്യ സ്കോളർഷിപ്പിന്റെ ആദ്യ ഗഡുവായ 199500 രൂപ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി വിതരണം ചെയ്തു. രണ്ട് ഗഡുക്കളായാണ് സ്കോളർഷിപ്പ് തുക നല്കുന്നത്.

## SS 110/18 തീരത്തിന് ദുരിതാശ്വാസ കിറ്റ് വിതരണം

സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിയുള്ളവരുടെ സംഘടനയായ തീരത്തിലെ അംഗങ്ങളിൽ ദുരിതം അനുഭവിക്കുന്ന 110 കുടുംബങ്ങൾക്ക് ഭക്ഷ്യ സാധനങ്ങളും, തുണിയും അടങ്ങുന്ന കിറ്റുകൾ വിതരണം ചെയ്തു.

## SS 111/18 കോഴിക്കുഞ്ഞ് വിതരണം

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമശ്രീ ഇനത്തിൽപെട്ട 400 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കാഞ്ചിയാർ, വെൺമണി തുടങ്ങിയ യൂണിറ്റുകളിലായി വിതരണം നടത്തി.

## SS 112/18 കേന്ദ്ര കമ്മറ്റി യോഗം

സൊസൈറ്റിയുടെ കേന്ദ്ര കമ്മറ്റി യോഗം 20-09-2018 ൽ മരിയാപുരത്ത് ഓഫീസിൽ വച്ച് നടന്നു. യോഗത്തിൽ പ്രളയ ബാധിത മേഖലകളിൽ സൊസൈറ്റി നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. സൊസൈറ്റിയുടെ കീഴിലുള്ള ക്രെഡിറ്റ് യൂണിയന്റെ വാർഷികം നടത്തുന്നതിനെക്കുറിച്ചും പ്രസ്തുത യോഗത്തിൽ ചർച്ച നടത്തി. സൊസൈറ്റി ഡയറക്ടർ, കേന്ദ്ര കമ്മറ്റി അംഗങ്ങൾ, ആനിമേറ്റേഴ്സ്, സ്റ്റാഫ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## SS 113/18 M.T. തോമസിന് അദ്ധ്യാപക അവാർഡ്

ഗിരിജ്യോതി ക്രെഡിറ്റ് യൂണിയന്റെ മുൻപ്രസിഡന്റും ഇപ്പോഴത്തെ സെന്ററൽ കമ്മറ്റി അംഗവും കാൽവരിമൗണ്ട് യൂണിറ്റ് പ്രസിഡന്റുമായ M.T. തോമസ് മുതുപ്ലാക്കലിന് മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അവാർഡ് ലഭിച്ചതിൽ അദ്ദേഹത്തെ പ്രത്യേകം അഭിനന്ദിക്കുന്നു.

# കെ.സി.എസ്.എൽ.

## KCSL 27/18 രൂപതാ സാഹിത്യമത്സരങ്ങളും, കലാമത്സരങ്ങളും

ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ സ്കൂളിലെ പഠന, പാഠ്യേതര മേഖലകളിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ മനസിലാക്കി രൂപതാ കമ്മിറ്റി ഈ വർഷത്തെ KCSL രൂപതാ സാഹിത്യമത്സരങ്ങളും, കലാമത്സരങ്ങളും ഒഴിവാക്കുകയാണ്. എന്നാൽ



KCSL-ന്റെ ജീവനാഡിയായ പഠന കളരിയും, പഠന പ്രവർത്തനങ്ങളും, ജീവകാരുണ്യ പ്രവർത്തനങ്ങളും മുൻവർഷങ്ങളിലേതുപോലെ തുടരുന്നതിന് ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

## KCSL 28/18 ക്വിസ് മത്സരം - സ്കൂൾതലം

കെ.സി.എസ്.എൽ. പഠന പുസ്തകങ്ങളുടെ ആശയം കുട്ടികളിൽ വേണ്ട രീതിയിൽ എത്തുന്നതിനും ചർച്ചാ വിഷയമാക്കുന്നതിന്റെയും ഭാഗമായി പഠന പുസ്തകങ്ങളെ അടിസ്ഥാനമാക്കി സ്കൂൾ തലത്തിൽ ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുകയാണ്. L.P., U.P., H.S., H.S.S. വിഭാഗങ്ങൾക്ക് മത്സരം ഉണ്ടായിരിക്കും. യൂണിറ്റിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് രൂപതയിൽ നിന്ന് മെഡലും സർട്ടിഫിക്കറ്റും നൽകുന്നതാണ്. രൂപതാതലത്തിൽ മത്സരം ഉണ്ടായിരിക്കുന്നതല്ല. എല്ലാ കെ.സി.എസ്.എൽ. കുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാൻ അവസരം നൽകണം. മത്സരം വ്യക്തിഗതമായിരിക്കും. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. ചോദ്യാവലി രൂപതാ കേന്ദ്രത്തിൽ നിന്ന് തയ്യാറാക്കി യൂണിറ്റിൽ എത്തിക്കുന്നതായിരിക്കും.

| | |
|---|---|
| മത്സര തിയതി | : ഒക്ടോബർ 26 വെള്ളി 1.30 pm മുതൽ 2.00 pm വരെ. |
| പഠനഭാഗങ്ങൾ (U.P., H.S., H.S.S.) | : 'കടലോളങ്ങളിൽ കടലാസുതോണികൾ' 67% (20 ചോദ്യങ്ങൾ). |
| | : 'വി. അലോഷ്യസ് ഗൊൺസാഗൊ' 33% (10 ചോദ്യങ്ങൾ). |
| | : പൊതുവിജ്ഞാനീയം (Additional Questions 5 എണ്ണം). |
| L.P. വിഭാഗം | : 'വി.അലോഷ്യസ് ഗൊൺസാഗൊ' (30 ചോദ്യങ്ങൾ). |
| | : പൊതുവിജ്ഞാനീയം (Additional Questions 5 എണ്ണം). |

## KCSL 29/18 അംഗത്വ ലിസ്റ്റും അംഗത്വ ഫീസും

കെ.സി.എസ്.എൽ. കുട്ടികളിൽ നിന്ന് ഇതിനോടകം അംഗത്വഫീസ് എല്ലാവരും ശേഖരിച്ചിട്ടുണ്ടാകുമല്ലോ. സാഹിത്യ മത്സരങ്ങളും, കലാമത്സരങ്ങളും ഒഴിവാക്കിയെങ്കിലും രൂപതാ തലത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തേണ്ടതായുണ്ട്. ആയതിനാൽ എല്ലാ കെ.സി.എസ്.എൽ. അംഗങ്ങളുടെയും പേരു വിവരവും അംഗത്വ ഫീസും ഒക്ടോബർ ആദ്യവാരത്തിന് മുമ്പ് രൂപതാ ഓഫീസിലോ, രൂപതാ ഭാരവാഹികളുടെ കൈവശമോ എത്തിക്കുമല്ലോ.

## KCSL 30/18 Motivation Class

പ്രകൃതി ക്ഷോഭത്താൽ വീടുകളും കൃഷിയിടങ്ങളും അവശ്യസാധനങ്ങളും നഷ്ടപ്പെട്ട് മാനസീകമായി തളർന്നു കഴിയുന്ന ധാരാളം കുട്ടികൾ നമ്മുടെ സ്കൂളുകളിൽ പഠിക്കുന്നുണ്ടെന്ന് മനസിലാക്കുന്നു. ഇത്തരം കുട്ടികൾ സാധാരണ മാനസീകാവസ്ഥയിലേക്ക് തിരികെ വരുന്നതിനായി ഒരു മോട്ടിവേഷൻ ക്ലാസ് എല്ലാ കുട്ടികൾക്കുമായി സ്കൂളുകളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു. രൂപതാ ടീം സൗജന്യമായി നയിക്കുന്ന ഈ മോട്ടിവേഷൻ ക്ലാസ് ആവശ്യമുള്ള സ്കൂളുകൾ രൂപതാ ഭാരവാഹികളെ മുൻകൂട്ടി അറിയിക്കുമല്ലോ.

## KCSL 31/18 'കാരുണ്യസംഗമം'

പ്രകൃതി ക്ഷോഭത്താൽ മാനസീകമായി തളർന്ന കുട്ടികളെ മാത്രം ഒരുമിച്ചുകൂട്ടി അവരുടെ അനുഭവം പങ്കുവയ്ക്കുന്നതിനും, പ്രാർത്ഥിക്കുന്നതിനുമായി 'കാരുണ്യസംഗമം' എന്ന കർമ്മപദ്ധതി സംഘടിപ്പിക്കുന്നു. ദുരിതബാധിതരായിട്ടുള്ള കുട്ടികൾ കൂടുതൽ പഠിക്കുന്ന സ്കൂളുകൾക്കോ, ഒരു പ്രദേശത്തെ ഒന്നിലധികം സ്കൂളുകൾക്ക് ഒരുമിച്ചോ ഈ കാരുണ്യസംഗമത്തിൽ പങ്കാളികളാ കാവുന്നതാണ്. രൂപതാ ടീം സൗജന്യമായി നടത്തുന്ന ഈ 'കാരുണ്യസംഗമം' പരിപാടി നടത്തുവാനു ദ്ദേശിക്കുന്ന സ്കൂളുകൾ രൂപതാ ഭാരവാഹികളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.



## KCSL 32/18 ജീവിത വിശുദ്ധീകരണ ധ്യാനം

ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗം കുട്ടികൾക്കായി തോപ്രാംകുടി അമല ധ്യാനകേന്ദ്രത്തിൽ വച്ച് ഒക്ടോബർ 17-ാം തിയതി വൈകുന്നേരം 5 മണി മുതൽ 19-ാം തിയതി വൈകിട്ട് 3 മണിവരെ ജീവിത വിശുദ്ധീകരണ ധ്യാനം നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ള കുട്ടികളുടെ പേരുവിവരം ഒക്ടോബർ ആദ്യവാരത്തിന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 കുട്ടികൾക്കായിരിക്കും അവസരം. രജിസ്ട്രേഷൻ ഫീസ് Rs. 500/-.

ഒക്ടോബർ - ജപമാലമാസം കൂടുതൽ അനുഗ്രഹപ്രദമാകട്ടെ!



# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 27/18 ഭാരത ജറിക്കോ പ്രാർത്ഥന

ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കുവാനും സുവിശേഷവത്ക്കരണ പ്രവർത്തനത്തിനുവേണ്ടിയും ഭാരത മെത്രാൻ സമിതിയുടെ നിർദ്ദേശപ്രകാരം ഇന്ത്യ മുഴുവനിലുമുള 174 കത്തീഡ്രലുകളിലും നടത്തി വരുന്ന ഭാരത ജറിക്കോ പ്രാർത്ഥനയും വിശുദ്ധ കുരിശിന്റെ പ്രയാണവും സെപ്റ്റംബർ 17-ാം തിയതി തിങ്കളാഴ്ച വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. വിശുദ്ധ കുരിശിന്റെ വെഞ്ചരിപ്പും സന്ദേശവും മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നിർവ്വഹിച്ചു. 500-ൽ പരം ആളുകൾ പങ്കെടുത്ത ശുശ്രൂഷയിൽ ഇടുക്കി സോണിന്റെ വിവിധ മേഖലകളിൽ നിന്നും കരിസ്മാറ്റിക് ലീഡേഴ്സ് പങ്കെടുത്തു. ഫാ. ജെയിംസ് കക്കുഴി, ഫാ. ജോസ് ചെമ്മരപ്പിള്ളിൽ, ഫാ. ജോസഫ് കോയിക്കൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു. ഷാജി വൈക്കത്തുപറ

മ്പിൽ, ജോസുകുട്ടി ചക്കുങ്കൽ, ജോസ് കൂട്ടുങ്കൽ എന്നിവർ നേതൃത്വം നല്കി.

**PG 28/18 മദ്ധ്യസ്ഥ പ്രാർത്ഥന**

മഴക്കെടുതിയിൽ വേദനിക്കുന്നവർക്കുവേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ 2-ാം ചൊവ്വാഴ്ചകളിൽ രാവിലെ 9 മുതൽ 3 വരെ കനകക്കുന്ന് സെന്റ് ജൂഡ്സ് ദൈവാലയത്തിൽ വച്ച് നടത്തി. ഇടുക്കി സോണൽ മദ്ധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രി നേതൃത്വം നൽകിയ പ്രാർത്ഥനകൾ ഫാ. ജോസഫ് കോയിക്കൽ, സി. മേബിൾ സി.എം.സി. എന്നിവർ നയിച്ചു.

**PG 29/18 ബേത്സഥാ-2018**

കരിസ്മാറ്റിക് നവീകരണം തോപ്രാംകുടി സബ് സോണിന്റെ നേതൃത്വത്തിൽ രോഗികൾക്കുവേണ്ടിയുള്ള ഏകദിന കൺവൻഷൻ സെപ്റ്റംബർ 22 ശനിയാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഫാ. ജെയിംസ് മാക്കിയിൽ, ഫാ. ജോസ് നരിതൂക്കിൽ, ഫാ. ജോസഫ് കോയിക്കൽ, ഷാജി വൈക്കത്തുപറമ്പിൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു. സബ് സോൺ ആനിമേറ്റർ ഫാ. ജോബി പൂവത്തുങ്കൽ, സി. മേബിൾ സി.എം.സി., സിബി വട്ടത്തറയിൽ, കുര്യാക്കോസ് ചിറപ്പുറത്ത്, ഷെറിൻ പൊരുന്നോലിൽ എന്നിവർ കൺവൻഷന് നേതൃത്വം നല്കി.

**PG 30/18 ദേശീയ കരിസ്മാറ്റിക് കോൺഫ്രൻസ്**

ഒക്ടോബർ 18 മുതൽ 22 വരെ ഷില്ലോംഗിൽ വച്ച് നടക്കുന്ന ദേശീയ കരിസ്മാറ്റിക് കോൺഫ്രൻസിൽ ഇടുക്കി സോണിൽ നിന്നും രൂപതാ ഡയറക്ടർ ഫാ. ജോസഫ് കോയിക്കൽ, ഷാജി വൈക്കത്തുപറമ്പിൽ, ജോസുകുട്ടി ചക്കുങ്കൽ, സണ്ണി വളവനാട്ട് എന്നിവരുടെ ടീം കോൺഫ്രൻസിൽ പങ്കെടുക്കും.



## കേരള ലേബർ മൂവ്മെന്റ്

**KLM 9/18 സംസ്ഥാന നേതൃത്വസമ്മേളനം**

കെ.എൽ.എം. സംസ്ഥാന നേതൃസമ്മേളനം സെപ്റ്റംബർ 21 ന് എറണാകുളം പി.ഒ.സി.യിൽ നടന്നു. ഇടുക്കി രൂപതയിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു.

**KLM 10/18 നേതൃത്വ പരിശീലന ക്യാമ്പ്**

ഇടുക്കി രൂപതാ നേതൃത്വ പരിശീലന ക്യാമ്പും നിർവ്വാഹക സമിതിയുടെ തിരഞ്ഞെടുപ്പും ഒക്ടോബർ 13-ാം തിയതി രാവിലെ 11 മണിക്ക് അടിമാലി ആത്മജ്യോതിയിൽ നടക്കും.

**KLM 11/18 ദുരിതാശ്വാസകിറ്റുകൾ നൽകി**

ഇടുക്കി രൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ വീടുകൾ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ട 250 കുടുംബങ്ങൾക്ക് ദുരിതാശ്വാസകിറ്റുകൾ വിതരണം ചെയ്തു. തോപ്രാംകുടി ദൈവംമേട്ടിൽ നടത്തിയ കിറ്റുകളുടെ വിതരണ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സെലിൻ മാത്യു കുഴിഞ്ഞാലിൽ നിർവ്വഹിച്ചു. രൂപതാ പ്രസിഡന്റ് ജോർജ് അമ്പഴം അദ്ധ്യക്ഷത വഹിച്ചു.

**KLM 12/18 വൈദിക സന്യസ്ത സെമിനാർ**

കെ.എൽ.എം. എന്ന സംഘടനയെ സംബന്ധിച്ചുള്ള ആശയവും അതിന്റെ പ്രവർത്തനരീതികളും പരിചയപ്പെടുത്തുന്നതിനും ആയതിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ ചർച്ചകൾക്കായി വൈദിക സന്യസ്ത സെമിനാർ ഒക്ടോബർ 27-ാം തിയതി രാവിലെ 11 മണിക്ക് കരിമ്പൻ ബിഷപ്സ് ഹൗസിൽ ചേരും. യോഗത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടി അദ്ധ്യക്ഷത വഹിക്കും.

**KLM 13/18 ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞ മുഴുവൻ പേർക്കും 10000 രൂപ നൽകണം**

മഴക്കെടുതിയും മണ്ണിടിച്ചിലും മൂലം ദുരിതാശ്വാസ ക്യാമ്പുകളിൽ കിടന്ന ഇടുക്കി രൂപതയിലെ മുഴുവൻ പേർക്കും സർക്കാർ പ്രഖ്യാപിച്ച 10000 രൂപ നൽകണമെന്ന് കെ.എൽ.എം. ഇടുക്കി രൂപതാ കമ്മറ്റി ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് കത്ത് നൽകി.

# ആത്മജ്യോതിയിലെ പരിപാടികൾ

**ഒക്ടോബർ 2018**

| | | |
|---|---|---|
| 01 | : | ഭാരത്മാതാ കോളേജ് ക്യാമ്പ് |
| 07 - 12 | : | എഫാത്ത ധ്യാനം |
| 13 | : | മഡോണ സിംഗിൾസ് അപ്പോസ്റ്റലേറ്റ് മീറ്റ് |
| 13 - 14 | : | തിയോളജി കോഴ്സ് |
| 15 - 17 | : | വിവാഹ ഒരുക്ക സെമിനാർ |
| 18 - 20 | : | വിശ്വാസ പരിശീലന ക്യാമ്പ് |
| 26 - 28 | : | വിവാഹ ഒരുക്ക സെമിനാർ |





# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ആഗസ്റ്റ് 2018**

28 ഇടുക്കി രൂപത കാര്യാലയത്തിലെത്തിയ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവുമായി ദുരിതബാധിതരുടെ പുനധിവാസത്തെപ്പറ്റി ചർച്ച ചെയ്യുകയും ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും ചെയ്തു.

30 മുളകരമേട് മാർട്ടിൻ ഡി പോറസ് ദൈവാലയത്തിൽ വച്ച് ഡിക്കൻ ജിന്റോ കാഞ്ഞിരംകാട്ടിലിന് തിരുപ്പട്ടം നൽകി.

**സെപ്റ്റംബർ 2018**

01 അടിമാലിയിൽ വച്ചു നടന്ന CRI Meeting -ൽ പങ്കെടുത്ത് സന്ദേശം നല്കി.

02 രാജകുമാരി ഇടവകയിൽ പരി. കന്യകാമറിയത്തിന്റെ ജനന തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

* താന്നിക്കണ്ടം ഇടവകയിൽ പരി. കന്യകാമറിയത്തിന്റെ ജനന തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

03 പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ബിഷപ്പുമാരുടെ കോൺഫ്രൻസിൽ പങ്കെടുക്കുവാനായി റോമിലേക്ക് പുറപ്പെട്ടു.

